ആളാണ് ജോയൻ കുമരകം. പത്രപ്രവർത്തകൻ കൂടിയായ അദ്ദേഹം നല്ല വാഗ്മിയുമാണ്. 'കുട്ടനാടൻ കുരുവി'യെന്ന് സ്വയം വിശേഷിപ്പിക്കുന്ന ജോയൻ അമേരിക്കൻ മലയാള സാഹിത്യ നഭസ്സിൽ ഉയർന്നു പറക്കുന്നു.

ലേഖനങ്ങൾ, കവിത, കഥ, അറിവുകൾ അനുഭവങ്ങൾ എന്ന സ്ഥിര പംക്തി എന്നിവയിലൂടെ അമേരിക്കൻ മലയാള സാഹിത്യരംഗത്തും പത്രപ്രവർത്തന രംഗത്തും തിളങ്ങുന്ന ബഹുമുഖ പ്രതിഭയാണ് ഇസഡ്.എം. മൂഴൂർ. 'ദീപിക' ആഴ്ചപ്പതിപ്പിന്റെ മുൻ എഡിറ്ററും കൂടിയായ മൂഴൂരച്ചൻ ഡോക്ടർ മൂഴൂരായത് ഗ്രീക്ക് പുരാണത്തിലെ പാണ്ഡിത്യം കൊണ്ടാണ്.

## പത്രമാസികകൾ, സാഹിത്യ സംഘടനകൾ, ലൈബ്രറികൾ

പത്രമാസികകളുടെ പ്രചാരമാണ് അമേരിക്കൻ മലയാള സാഹിത്യത്തിന്റെ വളർച്ചയെ സ്വാധീനിക്കുന്ന പ്രധാനഘടകം. അവ ഇന്ന് അമേരിക്കൻ മണ്ണിൽനിന്നുതന്നെ പിറവിയെടുക്കുന്നു. ഏറ്റവും മികച്ച വാർത്താമാധ്യമത്തിനുള്ള 1994ലെ ഫൊക്കാന അവാർഡു നേടി ന്യൂയോർക്കിൽനിന്ന് പ്രസിദ്ധീകരിക്കുന്ന 'മലയാളംപത്രം' മുൻനിരയിൽ നില്ക്കുന്നു. മികച്ച ലേഖനങ്ങൾ, നോവലുകൾ, നർമ്മ കഥകൾ, ആയിരത്തൊന്നുരാവുകളുടെ മലയാള പരിഭാഷ, പുസ്തകപരിചയപംക്തി, കവിതകൾ, കഥകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതു വഴി മഹത്തായ സാഹിത്യസേവനമാണ് ഈ പത്രം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. സാഹിത്യ അവാർഡുകൾ ഏർപ്പെടുത്തി സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ലൂക്കോസ് ചാക്കോയും ജോയി ലൂക്കോസും പ്രധാന സാരഥികളായുള്ള ഈ വീക്കിലി ന്യൂസ് പേപ്പർ കൂടുതൽ ജനശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്നു.

ന്യൂയോർക്കിൽ നിന്നിറങ്ങുന്ന കേരളനാദം, ചിക്കാഗോയിൽ നിന്നിറങ്ങുന്ന കേരള എക്സ്പ്രസ്, ഹൂസ്റ്റണിൽ നിന്നിറങ്ങുന്ന കേരളനാദം തുടങ്ങിയവ മറ്റു പ്രധാന പത്രങ്ങളാണ്.

അമേരിക്കയിലെ മലയാള സാഹിത്യകാരന്മാരുടെ കൃതികൾ ഏറ്റവും കൂടുതൽ പ്രസിദ്ധീകരിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ ഫിലാഡൽഫിയയിൽ നിന്നിറങ്ങുന്ന 'രജനി' മാസിക മുൻപന്തിയിൽ നില്ക്കുന്നു. നോവലുകളും ചെറുകഥകളും നാടകങ്ങളും കവിതകളും ലേഖനങ്ങളും ഉൾപ്പെടുത്തി ഈ കേരളസുന്ദരിയെ അണിയിച്ചൊരുക്കി അമേരിക്കൻ മണ്ണിലിറക്കുന്നതിന് ഒരു സാഹിത്യകാരൻകൂടിയായ എഡിറ്റർ ചാക്കോ ശങ്കരത്തിൽ അഭിനന്ദനമർഹിക്കുന്നു. റോണി വെൺമണിയുടെ പത്രാധിപത്യത്തിൽ ന്യൂയോർക്കിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മലയാളശബ്ദം ഉയർന്നു